

# എന്തിനാണ് നാം തമ്മിലടിക്കുന്നത്?

**മുജാഹിദ് പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാക്കളിലൊരാളായ മർഹൂം**
**ഇ.കെ മൗലവി ഐക്യത്തെക്കുറിച്ച് എഴുതിയ ലേഖനത്തിൽനിന്ന്**

> **കുറച്ചുകാലമായി നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നതെന്താണ്? അവിടെ വാദപ്രതിവാദം, ഇവിടെ ഖണ്ഡനപ്രസംഗം, അവിടെ പള്ളി പൂട്ടി, ഇവിടെ 144 പാസാക്കി എന്നല്ലെ? എന്തിന്റെ പേരിൽ? മതമാണ് കലഹമുണ്ടാക്കുന്നതെന്ന നിർമതവാദികളുടെ വാദത്തിന് ഇതിലധികം തെളിവെന്തുവേണം? ഇത് നിർത്തിക്കൂടേ?**

'**നാം** അന്യോന്യം കലഹിച്ചും വഴക്കടിച്ചും നമ്മുടെ ശക്തിയെ നശിപ്പിക്കുകയല്ലേ ചെയ്യുന്നത്. അതും മതത്തിന്റെ പേരിലാണെന്ന് വരുമ്പോൾ അതെത്ര പരിതാപകരം. അഭിപ്രായവ്യത്യാസം മനുഷ്യജന്മത്തോടു കൂടിത്തന്നെ ജന്മമെടുത്ത ഒരു ഗുണമാണ്. അത് ഇന്നുവരെ നിലനിന്നുവന്നിട്ടുണ്ട്. ഇനിയും അത് നിലനിൽക്കുകയും ചെയ്യും. ഓരോ ആൾക്കും അയാളുടെ അഭിപ്രായങ്ങൾ തുറന്നുപറയുവാനും ന്യായവും ഉത്തമവുമായ മാർഗത്തിലൂടെ സ്ഥാപിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. ഇതൊന്നും ആരും നിഷേധിക്കുന്നുമില്ല. ഇന്ന് നമ്മുടെ കേരളത്തിൽതന്നെ ദീനിന്റെ പേരിൽ പല കക്ഷികളുമുണ്ട്. അവരുടെ നിലയെന്താണ്? ദീനിന്റെ നിലനിൽപും രക്ഷയുമാണോ അവയുടെ ഉദ്ദേശ്യം? അഥവാ പാർട്ടിയുടെ വിജയമോ? ഓരോ കക്ഷിയും അവരുടെ പ്രസംഗങ്ങളിലും പ്രബന്ധങ്ങളിലും എതിർ കക്ഷിയെ മൊത്തമായും പ്രമുഖാംഗങ്ങളുടെ പേരെടുത്തുപറഞ്ഞുകൊണ്ടും കാഫിറാക്കുന്ന ആ കാഴ്ച എത്ര ലജ്ജാവഹം! ഇസ്ലാമിക സൗധത്തിന്റെ രക്ഷക്കും നിലനിൽപിനുമായിട്ടാണത്രെ ഇവർ നിലകൊള്ളുന്നത്. ആ സൗധം ഇന്ന് ഇഞ്ചിഞ്ചായി കത്തിനശിക്കുകയാണെന്നുള്ള വസ്തുത ഇവർ അറിയുന്നില്ല. ഒരാൾ കൈകെട്ടുമ്പോൾ ഒരിഞ്ച് പൊങ്ങിപ്പോയെങ്കിൽ ഇജ്മാഇനെ നിഷേധിച്ചതുകൊണ്ട് അവൻ കാഫിറാണെന്ന് ഒരു ആലിം ഫത്‌വ ചെയ്യുന്നു. അവനെ പള്ളിയിൽ പ്രവേശിപ്പിച്ചു കൂടാ. അവനുമായി കൂടിക്കഴിയുവാൻ പാടില്ല. നിക്കാഹ് ദുർബലപ്പെട്ടുപോയി. കൈ രണ്ടിഞ്ച് താണുപോയെങ്കിൽ അപരന്റെ ദൃഷ്ടിയിലവൻ മുബ്തദിഅ് ആയി. അപ്പോഴേക്കും വാദപ്രതിവാദമായി, ഖണ്ഡന പ്രസംഗമായി, ഓരോ പാർട്ടിയും ജിഹാദ് വിളിച്ചുതുടങ്ങി. അപ്പോഴേക്കും പോലീസ് വന്നു 'പന്തീർ പന്ത്രണ്ട്' പ്രഖ്യാപിച്ചു. ഏതെങ്കിലും ഒരു ഇമാം നമസ്കാരം കഴിഞ്ഞ ഉടനെ ജമാഅത്തായി പ്രാർഥന നടത്താതെ എഴുന്നേറ്റു പോയെങ്കിൽ അവനെ ഇമാമത്ത് ജോലിയിൽനിന്നും ഖത്വീബ് ജോലിയിൽനിന്നും പുറത്താക്കേണമെന്നൊരു കൂട്ടർ. അത് പാടില്ലെന്ന് മറ്റൊരു കൂട്ടർ. അപ്പോഴേക്കും രണ്ടു കക്ഷിയിലെയും ഉലമാക്കൾ എത്തി ചോദ്യോത്തരമായി, പിന്നാലെ പോലീസെത്തി പള്ളി പൂട്ടി സീൽവെച്ചു. ഇതാണോ സഹോദരന്മാരെ ദീൻ! ഇസ്ലാമിന്റെ പേരിലാണ് ഇതൊക്കെ ചെയ്യുന്നതെങ്കിൽ കഷ്ടം! ആ മഹാസൗധത്തിന്റെ നിലയെപ്പറ്റി ഇക്കൂട്ടർ അൽപമെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ശത്രുക്കൾ അതിനെ വലയം ചെയ്തു കഴിഞ്ഞിരിക്കുന്നു. അതിന്റെ നാശത്തിനായി പതിനെട്ടടവും പ്രവർത്തിച്ചുവരുന്നു. അത്തരക്കാരിൽനിന്ന് ഇസ്ലാമിനെ രക്ഷിക്കാൻ ഇവർ എന്തു ചെയ്തു? സഹാബതിന്റെ കാലം മുതൽക്കുതന്നെ ശാഖാപരമായ വിഷയങ്ങളിൽ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നു. അന്നൊക്കെ വാദപ്രതിവാദവും ഖണ്ഡന പ്രസംഗവും പള്ളിപൂട്ടലുമുണ്ടായിരുന്നോ? നാലു മദ്ഹബുകൾതന്നെ എങ്ങനെ ഉണ്ടായി? ശാഖാപരമായ വിഷയങ്ങളിലുള്ള അഭിപ്രായ വ്യത്യാസം മൂലമല്ലേ? എന്നാൽ ഓരോരുത്തരും തങ്ങൾക്ക് ശരിയെന്ന് തോന്നിയത് സ്വീകരിക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്യുന്നു. തന്മൂലം വഴക്കും വക്കാണവും മറ്റും മറ്റും ഉണ്ടായില്ല. കുറച്ചുകാലമായി നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നതെന്താണ്? അവിടെ വാദപ്രതിവാദം, ഇവിടെ ഖണ്ഡനപ്രസംഗം, അവിടെ പള്ളി പൂട്ടി, ഇവിടെ 144 പാസാക്കി എന്നല്ലെ? എന്തിന്റെ പേരിൽ? മതമാണ് കലഹമുണ്ടാക്കുന്നതെന്ന നിർമതവാദികളുടെ വാദത്തിന് ഇതിലധികം തെളിവെന്തുവേണം? ഇത് നിർത്തിക്കൂടേ? രണ്ടു കൂട്ടരെയും വിളിച്ചുകൂട്ടി ഒരു വാദപ്രതിവാദം നടത്തി അഭിപ്രായ വ്യത്യാസങ്ങൾ അവസാനിപ്പിച്ചുകളയാമെന്നു പലരും പറയുന്നതായി കേൾക്കാം. കുതിരക്ക് കൊമ്പുവന്നതിന് ശേഷമായിരിക്കും ഈ കാര്യം നടക്കുക. അത്രമാത്രമേ എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നുള്ളൂ. ■

(*ന്യൂ അൻസാരി* നബിദിന വിശേഷാൽ പ്രതി പേജ്: 36,37)